"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കേരള നോളഡ്ജ് ഇക്കോണമി മിഷൻ (KKEM)-പദ്ധതിയുടെ ഭാഗമായി ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ഉദ്യോഗസ്ഥരെ നിയമിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.966/2025/LSGD തിരുവനന്തപുരം,തീയതി:15-04-2025

---

പരാമർശം:- 1. 19.12.2024-ലെ സ.ഉ.(കൈ) നം.179/2024/LSGD ഉത്തരവ്

2. K-DISCമെമ്പർ സെക്രട്ടറിയുടെ 01.02.2025-ലെ 138/2025/K-DISC/L-97 നമ്പർ കത്ത്

**ഉത്തരവ്**

കേരള നോളഡ്ജ് ഇക്കോണമി മിഷൻ (KKEM) പ്രവർത്തനങ്ങൾ ജനകീയവും ഫലപ്രദവുമാക്കാനുള്ള കർമ്മപരിപാടിയുടെ ഭാഗമായി, "വിജ്ഞാനകേരളം" പദ്ധതിയുടെ പ്രവർത്തന രൂപരേഖ അംഗീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും ചിട്ടപ്പെടുത്തുന്നതിനുമായി അതത് ജില്ലകളിൽ ഒരു പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (പിഎംയു) സ്ഥാപിക്കുവാനും ഇതുമായി ബന്ധപ്പെട്ട് ഓരോ ജില്ലയ്ക്കും ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

കൊല്ലം, ആലപ്പുഴ, കണ്ണൂർ ജില്ലകളിലെ "വിജ്ഞാനകേരളം" പദ്ധതിയിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരായി തദ്ദേശ സ്വയംഭരണ വകുപ്പിലെ ചുവടെ ചേർത്തിട്ടുള്ള 3 ഉദ്യോഗസ്ഥർക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് പരാമർശം (2) പ്രകാരം ശിപാർശ ലഭ്യമായിട്ടുണ്ട്.

| ക്രമ നം. | പേരും, നിലവിൽ സേവനമനുഷ്ഠിക്കുന്ന തസ്തികയും | നിയമന രീതി | നിയമനംശിപാർശ ചെയ്തിട്ടുള്ള തസ്തിക |
|---|---|---|---|
| 1 | ശ്രീ.രാജേഷ്.ബി.കെ, പെൻ- 691003, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എഞ്ചിനീയറിംഗ് വിഭാഗം, കാറടുക്ക ബ്ലോക്ക് പഞ്ചായത്ത്, കാസർഗോഡ് | വർക്കിംഗ് അറേഞ്ച്മെന്റ് | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കൊല്ലം |
| 2 | ശ്രീ.ഷിബു.സി .കെ, പെൻ : 813546<br>അസിസ്റ്റന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ | വർക്കിംഗ് അറേഞ്ച്മെന്റ് | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, ആലപ്പുഴ |

| | | | |
|---|---|---|---|
| | വകുപ്പ്, ആലപ്പുഴ | | |
| 3 | ഡോ.സുർജിത്ത്.എം പെൻ : 461497<br><br>അസിസ്റ്റന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ | വർക്കിംഗ് അറേഞ്ച്മെന്റ് | ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കണ്ണൂർ |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരായ ശ്രീ.രാജേഷ് ബി.കെ, ശ്രീ.ഷിബു സി.കെ, ഡോ.സുർജിത്ത്.എം എന്നീ ഉദ്യോഗസ്ഥർക്ക് "വിജ്ഞാനകേരളം" പദ്ധതിയുടെ ഭാഗമായി യഥാക്രമം കൊല്ലം, ആലപ്പുഴ, കണ്ണൂർ ജില്ലകളിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാരായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BALUMAHENDRA B
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ് :
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, കേരളം, തിരുവനന്തപുരം/തൃശ്ശൂർ
ജില്ലാ ട്രഷറി ഓഫീസർ,തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Signed by
Dipukumar S L
Date: 15-04-2025 15:01:47
സെക്ഷൻ ഓഫീസർ

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്